# JUNIOR TECHIES

*digital magazine 2018-19*

Kerala Infrastructure and Technology for Education




MES HSS IRIMBILIYAM

# ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കന്ററി സ്കൂൾ

# ലിറ്റിൽ കൈറ്റ് ഐ ടി ക്ലബ്ബ് 2018-19



ചീഫ് എഡിറ്റർ : അഷറഫലി കാളിയത്ത്
സ്റ്റാഫ് എഡിറ്റർ : മുഹമ്മദ് മുനീർ
സ്റ്റുഡന്റ് എഡിറ്റർ : ഇഫ്സാൻ ഹസ്സൻ
മാഗസിൻ സമിതി : മുഹമ്മദ് ജസീം
മുഹമ്മദ് ആഷിഖ്
മുഹമ്മദ് തബ്ഷീർ
ഷബീബ്
മുഹമ്മദ് ഫവാസ്
മുഹമ്മദ് ഉനൈസ്
മുഹമ്മദ് ജഷീർ
കീർത്തന



ഗുരു ശിഷ്യന്മാർക്ക്
ഒരു പുഷ്പം കാണിച്ചു കൊടുത്തു
ഗുരു ചോദിച്ചു :
“എന്ത് തോന്നുന്നു?”
ശിഷ്യന്മാരിൽ ഒരാൾ പൂവിനെകുറിച്ച്
ഒരു ദീർഘപ്രഭാഷണം നടത്തി.
വേറൊരാൾ ഒരു കവിത ചൊല്ലി.
മറ്റൊരാൾ പൂവിനെ പറ്റി ഒരു കഥ പറഞ്ഞു.
മിണ്ടാതിരുന്ന നാലാമനെ കണ്ട്
ഗുരു ചോദിച്ചു :
“ഒന്നും പറയാനില്ലേ?”
അയാൾ പറഞ്ഞു
“ക്ഷമിക്കണം, ഞാനാ പുഷ്പ്പത്തെ അറിയുകയാണ്"

# ആശംസകളോടെ...

ലിറ്റിൽ കൈറ്റ്സിന്റെ സർഗാത്മക ശ്രമങ്ങൾക്ക് സ്നേഹാഭിവാദ്യം

അഷറഫലി കാളിയത്

[ഹെഡ് മാസ്റ്റർ]

ഇരിമ്പിളിയം എം ഇ എസ് ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ് ക്ലബ്ബ് പുറത്തിറക്കുന്ന ഈ മാഗസിൻ സകല വിതത്തിലുള്ള പിന്തുണയും ആശംസകളും അറിയിക്കുന്നു.

കെ.എം.അബ്ദുൽ ഗഫൂർ

[പി ടി എ പ്രസിഡന്റ്]

തൊട്ടതെല്ലാം പൊന്നാകുന്ന വിജയ ചരിത്രമാണ് എന്നും നമ്മുടെ സ്കൂളിനുള്ളത്.സമസ്തമേഖലയിലും വിളവുകൊയ്യുന്നവരുടെ ഈ കൂട്ടായ്മക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

പി പി ഹമീദ്

[കൗൺസിലർ,വളാഞ്ചേരിമുൻസിപ്പാലിറ്റി]

കുഞ്ഞു മനസ്സുകളിലെ ആശയങ്ങളെ ഒപ്പിയെടുത്തു,ഭാവിയിൽ പ്രതികരണ ശേഷിയുള്ള തൂലിക ചലിപ്പിക്കുന്നവരാക്കി മാറ്റാൻ ഉതകുന്ന ഈ പരിശ്രമം വിജയിക്കട്ടെ,ഒരായിരം ആശംസകളോടെ....

അനീഷ് എസ്

[സ്റ്റാഫ് സെക്രട്ടറി]

ലിറ്റിൽ ക്ലബ്ബ് പുറത്തിറക്കുന്ന മാഗസിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കും അകത്താളുകൾ സമ്പുഷ്ടമാക്കിയ പ്രതിഭകൾക്കും എല്ലാ വിധ ഭാവുകങ്ങളും നേരുന്നു

അനൂപ് എൻ എം

[എസ് ആർ ജി കൺവീനർ]

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ





# മറക്കാനാകുമോ? ആ പ്രളയം

Naseehathul Saifiya
IX L

2018 ഓഗസ്റ്റ് മാസത്തിൽ കേരളിയ ജനത നേരിട്ട ഒരു വലിയ ദുരന്തമായിരുന്നു പ്രളയം.മഹാപ്രളയം എന്ന് തന്നെ അതിനെ വിശേഷിപ്പിക്കാമായിരുന്നു.ആയിരങ്ങളുടെ ജീവൻ പൊലിഞ്ഞ് പോയി.അപ്പോൾ കാലവർഷം കലിതുള്ളുകയാരുന്നു.ധരിച്ച വസ്ത്രം പോലുമാറാനാകാതെ വീട്ടിലെ സാമഗ്രിഗൾ എടുത്ത് വെയ്ക്കാൻ സാധിക്കാതെ പലരും ദുരിതാസ്വാസ ക്യാമ്പ് തേടി യാത്രയായി.പലരും ഉറക്കത്തിലാണ് വെള്ളപ്പൊക്കം ഉണ്ടാകുകയാണെന്ന് എന്ന് അറിഞ്ഞത് ചുരുക്കി പറഞ്ഞാൽ പെരുമഴ എല്ലാം കവർന്നെടുത്തു.അവർക്ക പുതക്കാൻ പുതപ്പൊ, ഉടുക്കാൻ മറ്റൊരു വസ്ത്രമോ കുടിക്കാൻ വെള്ളമോ ഉണ്ടായിരുന്നില്ല ജീവനും കൊണ്ട് വീട്ടിൽ നിന്നും രക്ഷകരായ നാട്ടുകാരുടെയും മത്സ്യതൊഴിലാളികളുടെയും സൈനികരുടെയും കൂടെ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിരിച്ചിരുന്ന സ്കൂളിലേക്ക് യാത്രയായി.പലരും സഹായിക്കാൻ ആരും തന്നെ എത്താതെ വന്നപ്പോൾ സോഷ്യൽമീഡിയയിലും മറ്റും പോസ്റ്റ് ചെയ്ത് വിവരം അറിയിച്ചു.മിണ്ടാപ്രാണികളായ ജീവികൾ പ്രളയത്തിൽ ചത്തൊടുങ്ങി.പലയിടത്തും ഉരുൾ പൊട്ടൽ ഉണ്ടായി.ഉരുൾ പൊട്ടലിൽ പിഞ്ചോമനകൾ തുടങ്ങി മുതിർന്നവർ വരെ മണ്ണിനടിയിലായി. രക്ഷകരായി സൈനികർ എത്തിയപ്പോഴേക്കും അവർ നമ്മെ വിട്ട് യാത്രയായിരുന്നു.കുടുംബങ്ങൾ തന്നെ ഇല്ലാതായി.പത്രവും ടി. വി യിലും നിറഞ്ഞു പ്രളയവാർത്തകൾ.ശക്തമായ മഴയിൽ ഡാമുകൾ നിറഞ്ഞകവിഞ്ഞപ്പോൾ ഷട്ടറുകൾ ഉയർത്തി വെള്ളം ഒഴുക്കിവിട്ടു.മഴവെള്ളത്തോടൊപ്പം ഡാമിലെ വെള്ളവും കയറി ആയിരങ്ങൾ ബുദ്ധിമുട്ടി.അന്ന് കേരളം തന്നെ വെള്ളത്തിലായിരുന്നു.വളരെ ചുരുക്കം പേര് മാത്രം ദൈവാനുഗ്രഹം കൊണ്ട് രക്ഷപ്പെട്ടു.



# ആത്മവിശ്വാസം

Shibila sherin
X I

ചിലതരം പരസ്യങ്ങൾ കാണാറുണ്ട്. "വിശ്വാസം അതല്ലെ എല്ലാം" എന്ന തലക്കെട്ടോടു കൂടി! ആ കമ്പനിയുടെ ഉൽപ്പനങ്ങളിൽ ഉള്ള ജനങ്ങളുടെ വിശ്വാസമാണ് അവരുടെ വിജയത്തിന്റെ അടിത്തറ എന്ന് സാരം.

ഒരാൾക്ക് തന്റെ കഴിവിലും ശക്തിയിലും സർകാത്മകതയിലുമുള്ള വിശ്വാസമാണ് "സെൽഫ് കോൺഫിഡൻസ്". അഥവാ ആത്മവിശ്വാസം. തമ്മിൽ തന്നെയുള്ള നമ്മുടെ വിശ്വാസമാണ് നമ്മെ വിജയത്തിലേക്ക് നയിക്കുന്നത്. സ്വന്തം ഒഴിവിൽ വിസ്വാസമില്ലാത്തവർക്ക് ഒരിക്കലും തിളക്കമാർന്ന വിജയങ്ങൾ നേടിയെടുക്കാൻ സാധിക്കില്ല. ഇന്ന് ലോകത്തിൽ പൂർണമായവർ ആരുമില്ലെന്ന് മനസ്സിലാക്കണം നമ്മുടെ കഴിവുകേടുകളെ ഓർത്ത് സങ്കടപ്പെടാതെ, സ്വന്തം കഴിവുകളെ വെളിച്ചെത്തു കൊണ്ടുവരാനാണ് പരിശ്രമിക്കേണ്ടത്.ഈ ലോകത്ത് നമ്മെ പോലെ നാം മാത്രമേയുള്ളൂവെന്നും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരായിരിക്കുന്ന നമ്മുടെ ജീവിത്തിന് ഒരർത്ഥമുണ്ടെന്നും മനസ്സിലാക്കുമ്പോൾ നാം നമ്മെതന്നെ സ്നേഹിക്കാൻ തുടങ്ങും. അങ്ങനെ സ്വയം ആദരിക്കാനും ജീവിതത്തിന് വീര്യം കണ്ടെത്താനും തുടങ്ങുമ്പോൾ നമ്മുടെ ആത്മവിശ്വാസം വളർന്നു തുടങ്ങുകയും ചെയ്യും. സർക്കസിലെ ആനക്ക് ഉരുണ്ടു പോകുന്ന പന്തിൽ കയറി നിൽക്കുവാൻ കഴിയുന്നു വെങ്കിൽ അത് ആ ആനയുടെ ആത്മവിശ്വാസം കൊണ്ടു മാത്രമാണ്.

വിദ്വാൻ കുറുവന്തൊടി ശങ്കരൻ എഴുത്തച്ചൻ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ പറഞ്ഞു : നിങ്ങൾ 33 കോടി ദേവന്മാരിൽ വിശ്വാസമില്ലെങ്കിൽ ഒരു പ്രയോജനമില്ല.

"എനിക്കത് ചെയ്യാൻ സാധിക്കും" എന്ന ആത്മബോധം ഏതു രംഗത്തും നമ്മെ മുൻപന്തിയിൽ എത്തിക്കും. തെറ്റുകളിൽ നിന്ന് പാഠമുൾക്കൊണ്ട് ചെയ്യുന്ന ഓരോ പ്രവർത്തിയും ആത്മവിശ്വാസം വളർത്താൻ സഹയിക്കും.

അതിനായി കൂട്ടുകാർ ചെയ്യേണ്ടത് എന്തെന്നോ ? ലഭിക്കുന്ന എല്ലാ നല്ല അവസരങ്ങളും നന്നായി വിനിയോഗിക്കാനുള്ള ശ്രമം നടത്തുക. കാരണം അവസരം ആരെയും കാത്തു നിൽക്കില്ല. നാം ചെയ്യുന്ന ഓരോ പ്രവർത്തിയും ഏറ്റവും നന്നായി ചെയ്യാൻ പരിശ്രമിക്കണം. കൂടെ ദൈവ വിശ്വാസവും വേണം. ഭയത്തിനെ ധീരമായി നേരിടാൻ സാധിക്കുന്നവർക്ക് അതിനെ കീഴ്പ്പെടുത്തുവാൻ കഴിയുമെന്നോർക്കുക. ആത്മവിശ്വാസമാണ് മനസിന്റെ ശക്തി.

# കറുമ്പിയാട്

മുഹമ്മദ് ഫവാസ്
X L

കൊളായിക്കൽ വീട്ടിലെ
വടക്കിനിപ്പുറത്ത്
കറുമ്പിയോട് പെറുമ്പോൾ
നടുമുറിയിൽ
ഉപ്പൂപ്പസക്കറാത്തിലായിരുന്നു

ആട്‌ പെറ്റത്
ഉപ്പൂപ്പയറിഞ്ഞില്ല
ഗൃഹനാഥൻ പിരിഞ്ഞത്
കറുമ്പിയും

മരണംകാണാൻ
നടുമുറിയിലേക്കും
കുഞ്ഞാടിനെക്കാണാൻ
വടക്കിണിപ്പുറത്തേക്കും
കുട്ടികൾ
പാഞ്ഞുകൊണ്ടേയിരുന്നു
കറുമ്പിയുടെ കരച്ചിലൊച്ചകൾ
ഇടമുറിയാതെ നീണ്ടപ്പോഴേ
കാരണവൻമാർ പറഞ്ഞുവത്രെ
അത് പേറ്റ് നോവല്ലെന്നും
മൗത്തിന്റെ മണമറിഞ്ഞതാണെന്നും

ചോരയുടെ,മറുപ്പിള്ളയുടെ
മുശടുവാടകൾ
കാറ്റിൽ കുതിർന്ന്
പരക്കും മുന്നേ
നടുമുറിയിൽ
കുന്തിരിക്കവും ചന്ദനത്തിരിയും
ഗന്ധം പരത്തി
പുകഞ്ഞുകൊണ്ടേയിരുന്നു

ഉമ്മറത്ത്‌ ഇരുന്ന് മോല്യാരുട്ടികൾ
ഈണത്തിൽ ഓതിയതിൽ പ്പിന്നെ
കറുമ്പി കരഞ്ഞില്ല
കുട്ടികൾ പാഞ്ഞില്ല

മയ്യിത്ത് കട്ടിലിൽ
വെള്ളയിൽ പൊതിഞ്ഞ്
ഉപ്പൂപ്പയെ കൊണ്ടുപോകുമ്പോൾ
രണ്ടിലും കിടാങ്ങൾ
ജനിച്ചപ്പോഴേ
മരണം കണ്ടകൗതുകത്തോടെ
നോക്കുന്നുണ്ടായിരുന്നു

കറുമ്പിയുണ്ടായത്
ഉപ്പൂപയുടെ
താടി നരയേക്കാൾ
വെളുത്ത നിറമുള്ള
ഒരു കുറുമ്പനും
കുറുമ്പിയുമായിരുന്നു

കുടമണികഴുത്തിൽകെട്ടിയ
കുഞ്ഞാടുമക്കൾ
പുരയിലെല്ലായിടെത്തും
ഒച്ചയിട്ടോടി നടക്കും

നടുമുറിയിലെ
ഉപ്പൂപ്പയുടെ കട്ടിലിനിടയിൽ
ഒളിച്ചുകളിക്കുമ്പോൾ
ഉമ്മൂമ്മയോടിയെത്തി
പുന്നാരിച്ച് വിലക്കും
"ഇവിടെ പാത്തരുതേ...ന്ന്..
അന്നന്തിക്ക് ഉമ്മറത്തിരുന്ന്
ഉമ്മൂമ്മ വ്യസനത്തോടെ
പറഞ്ഞിരുന്നു
ന്റോൻ പോയ അന്നന്നെ
ഇജ്ജും പോയല്ലൊ..ന്റെ കറുമ്പിയേ..ന്ന്

# ഒരിക്കൽക്കൂടി



നാഷിദ ഷെറിൻ പി.

IX-L

പിരിയുമീ വേളയിൽ യാത്രാമൊഴി
പറയുമ്പോൾ
പറയാൻ വാക്കുകൾ പതറുന്നു ഞാൻ
ഹൃദയം നുറുങ്ങുന്ന വേദനയോടെ

വിതുമ്പും സ്വരങ്ങളിൽ രാഗമില്ലെന്തിലും
വിരഹഗാനത്തിന്റെയീരടി പാടി ഞാൻ
മോഹപുഷ്പങ്ങൾ കൊഴിയുമീ പാതയിൽ
പതറാതെ നടന്നകലുന്നു

ഒരുപാൽ പുഞ്ചിരിയോടെ എന്നോട് യാത്രയാകുമ്പോൾ
സ്വപ്നമേ നിൻ മിഴികൾ നിറയരുതേ
ആർത്തിരമ്പിയ ഹൃദയവേഗങ്ങളും
ഇനി എന്നു തെളിഞ്ഞു കാണും
ഓർമകൾ തണുത്ത സ്പർശമാകുമ്പോൾ
നഷ്ടവസന്തത്തിൻ ഗീതവുമായി
കാത്തിരിക്കുന്നു ഞാൻ ആ ദിനങ്ങൾക്കായ്



Sahla uk
Xth M

## ആറിവിന്റെ
## ഉറവിടം

വിജ്ഞാനത്തിൻ ആദ്യ പാഠമാം...
വിദ്യാലയമെന്ന പൂന്തോപ്പ്
ചേലുള്ള പൂപോൽ മൃദുലമാം
മനസ്സുള്ള ഗുരുനാഥനും
ആതേൻ നുകരാൻ എത്തുന്ന
ചിത്രശലഭമാണീ ഞങ്ങൾ
കൂരിരുളിന്റെ വാതിൽ തുറന്ന്
പ്രകാശം വിരിക്കും നിലാവിൽ
അറിവ്





# ഓർമ്മകളുടെ മധുര നൊമ്പരം

ശിവാനി ഇ. എസ്
8 F

"അങ്ങനെ ആ അന്തിമ നിമിഷം എത്തി. എന്റെ സഹോദരങ്ങളെ ഞാൻ ഒന്നും കൂടി കാണട്ടെ".

മാവു മുത്തശ്ശീ

എന്തിനാണിങ്ങനെ വിഷമിക്കുന്നത് ?

കാക്കച്ചി നിനക്കെന്റെവേദന മനസ്സിലാവുകയില്ല.

മാവു മുത്തശ്ശി എന്നോടുപറയൂ എല്ലാം തുറന്നു പറയൂ.

പണ്ട് എന്നെക്കാൾ സൗഭാഗ്യമുള്ളവരില്ലാ എന്നു കരുതി ഞാൻ അഹങ്കരിച്ചു കാക്കച്ചി. അതിന്റെ പ്രായശ്ചിത്തമാണ് ഞാനിപ്പോൾ അനുഭവിക്കുന്നത്. നീ ഉൾപ്പെടെ എല്ലാ സസ്യജന്തുജാലങ്ങളും എന്നെ സ്നേഹിച്ചു പരിചരിച്ചു. പിന്നെ എന്റെ ഉണ്ണി,അവനെ ഞാൻ മറക്കുകയില്ല. പണ്ടിവിടെ ഒരു ചെറിയ വീടുണ്ടായിരുന്നു അവിടത്തെ കുട്ടിയാണ് ഉണ്ണി.എന്റെ സ്വന്തം ഉണ്ണി. അവൻ എന്റെ കൊമ്പിന്മേൽ ഊഞ്ഞാലാട്ടുമായിരുന്നു സന്തോഷത്തോടെ ഞങ്ങൾ ഉല്ലസിച്ചു. അവൻ എന്നും എന്റെ അടുക്കൽ വരും,അവൽ ചോദിക്കും എന്നാ മുത്തശ്ശി ഈ മാവിൽ മാമ്പഴം ഉണ്ടാവുകയെന്ന് ആചോദ്യത്തിന് ഞാൻ ഉത്തരം നൽകിയിരുന്നു.എങ്കിലും അവൻ ഈ വീടുവിട്ട് എന്നെ വിട്ട് പട്ടണത്തിലേക്കുപോയി

പിന്നെ ഞാൻ മാവു പൂത്തപ്പോഴും കായ്ച്ചപ്പോഴുമെല്ലാം ഓർക്കാതിരിക്കാതിരുന്നില്ല.

അങ്ങനെ ഉണ്ണി താമസിച്ച വീടും ഈ കാടും കുറെ ദുഷ്ടന്മാർ വിലക്കു വാങ്ങി.അവർ എന്റെ ചില്ലകൾ വെട്ടി. തത്തമ്മയുടെയും മരംകൊത്തിയുടെയും ആവാസം നഷ്ടപ്പെട്ടു ഈ കാട്ടിൽ അവർ ബിൽഡിങ്ങുകൾ കെട്ടിവെക്കുകയാണ് എന്നു പോലും

ആശുപത്രി പണിയാൻ വേണ്ടി. പാവപ്പെട്ട മനുഷ്യരുടെ കയ്യിൽ നിന്നും പണം വാങ്ങി.പക്ഷെ അവർ ആശുപത്രിയുണ്ടാക്കിയില്ല. പാവപ്പെട്ടവരുടെ പണം കൈക്കലാക്കി.


പിന്നീടവർ കൃഷിചെയ്തു. ആദ്യം മരങ്ങളും ചെടികളും. എന്നെ മാത്രം അവശേഷിപ്പിച്ചു നിർത്തി.അപ്പോൾ ആശ്വാസമായെങ്കിലും പിന്നീടാണ് മനസ്സിലാക്കിയത്. എന്നെ ഇഞ്ചിഞ്ചായി കൊല്ലാനാണ് പുറപ്പാട്.

കോയാക്കാ നമുക്കീ മരം കൂടിയങ്ങു വെട്ടിയാലൊ? പൊന്നുകായ്ക്കുന്ന മരമാ ഇപ്പോ വെട്ടേണ്ട? പത്തൊൻപ്പത് മൂപ്പുള്ള മരമാന്നാ തോന്നുന്നേ. എങ്കിൽ നമുക്ക് പിന്നെ വരാം. വീണ്ടും ഞാൻ ആശ്വസിച്ചു. പിന്നെയും അവർ വന്നു. കൃഷിചെയ്തു,രാസവളങ്ങളും രാസകീടനാശിനിയുമാണ് അവർ ഉപയോഗിച്ചത്.

ആ മണ്ണിനെയും കൊന്നു. ഇനി ഞാൻ മാത്രമാണ് അവശേഷിക്കുന്നത് കാക്കച്ചി പിന്നീടുള്ള പിന്നീടുള്ള അവരുടെ സംഭാഷണങ്ങളിൽ ഞാൻ കേട്ടു ഇന്നാണ് എന്റെ അന്ത്യം .ഈമനുഷ്യരുടെ ക്രൂരതകാരണം ഈ ഭൂമിയിൽ നിന്നു തന്നെപോകാൻ

എനിക്കുതോന്നുന്നു . നീ എന്റെ സ്നേഹിതന്മാരോടെല്ലാം പറയൂ.

മാങ്ങപഴത്തിട്ടുണ്ട് അതുകഴിച്ച് അടുത്ത തലമുറയ്ക്കു ജന്മം നൽകാൻ ശ്രമിക്കുകാക്കച്ചി മനുഷ്യരുടെയും നിങ്ങളുടെയും നന്മയ്ക്കുവേണ്ടി തന്നെയാണ് ഞാൻ പറയുന്നത്.



Shahla Shareef.m
Class:IX C

# FRIENDSHIP

Friendship is the strong thread bounded with love that never breaks.
It is a hardship that begins with care. Life is nothing without a friend. Similarly friendship is a magic that make us live.

There are many kinds of friendship that may be cruel or care. We can only believe a friendship that begins with care,Remember a friendship should never ruin your life so be careful when you begin it with a friend.

A smile when you are blue
A hope  when you loose
A try when you are sad
This  is the friendship
Lets begin it and see what magic comes in our life.....





# Friendship For Ever

Tahsin
IX B

Friends are valuable like time
They stand with us every time
whether if is happiest moment

Time with our friends are valuable
we feel lucky when we
Are with friends
Distance never separates
The hearts that really care
I know friends can do all the best
True friends never die
Because they are our hearts
The choicest blessing of god

# ഹർത്താൽ



ADHILA YASMIN.PP
IX I

"വീണ്ടുമെത്തി ഒരൊഴിവുദിനം,മറ്റൊന്നുമല്ല
ഒരു ഹർത്താലാത്രേ......"
പലരും ആശ്വാസത്തിലും ആഹ്ളാദത്തിലും
കാരണം ഒരൊഴിവുദിനം കൂടി കിട്ടിയല്ലോ!..
"ചിലർ ബിരിയാണി വെക്കാൻ ഒരുങ്ങി
കുട്ടികളാവട്ടെ കളിക്കാനായി നട്ടുറോഡിലും
ഇനിയും ചിലർ?
ഉള്ളിലൊരു വിങ്ങൽ
"കാരണം ആ ദിനം പലരുടെയും
പല ദിനങ്ങളായിരുന്നു......"
പോകണം ഡയാലിസിസിനായി ആശുപത്രിയിൽ..
"റേഷൻ വാങ്ങണം അക്ഷയ വരെ പോയി ക്യൂ നിൽക്കണം"
"അവ പെൻഷൻ വാങ്ങാൻ ബാങ്കിലും പോകണം..
ഇനി എന്തു ചെയ്യും പുലരിയിൽ ആ വഴി പോകും.."
കെ എസ് ആർ ടീസിയിൽ കയറിപ്പറ്റി
"പകുതിയോളം ചെന്നപ്പോൾ...
ഒരു കൂട്ടം കൊടിക്കാർ
ബസ്സും തടുത്തു, ഇനി എന്ത് ചെയ്യും?
മടങ്ങുക!.. വീട്ടിലണയുകക"
അവർക്കാർക്കും ഇതൊന്നുമറിയില്ലല്ലോ....!



# മീനാക്ഷി

**Minnas**

**9 E**

പാറി പറക്കുന്ന മുടികളും കീറിപെളിഞ്ഞ വസ്ത്രങ്ങളുമായി അവൾ ആ ആൽമരചോട്ടിൽ തലചായ്ച്ച കിടക്കുകയാണ്. ഒരു അലർച്ചയോടെ പെട്ടന്ന് അവൾ കണ്ണ് തുറന്നു. ചുറ്റും ഒന്ന് പരുതി.

നല്ല കണ്ട് പരിചയമുള്ള സ്ഥലമാണ്. അപ്പോഴാണ് അവൾ ആ പൂട്ടികിടക്കുന്ന ബിൽ്ഡിങ്ങ് അവൾ കണ്ടത്. ആ ഇളം തെന്നലിൽ  മുടികളോപ്പം അവളുടെ ചിന്തയും പാറി. മന്ദം മന്ദം മായി അവൾ ആ ബിൽഡിങ്ങിന്റെ ഉള്ളിലേക്ക് പ്രവേശിച്ചു. താൻ 5

വർഷം മുമ്പ് പഠിച്ച തന്റെ കോളേജ്. അവൾ പടികൾ ചവിട്ടി മുകളിൽ തന്റെ ക്ലാസിൽപ്പോയി

തല ചായ്ച്ച് കിടന്നു. തന്റെ യൗവ്വന ഓർമ്മകളിലേക്ക് അവൾ വഴുതി വീണു.

രണ്ടു സഹോദരന്മാർക്കുള്ള ഒരേ ഒരു

പെങ്ങൾ. മീനാക്ഷി. തന്റെ അച്ഛനും അമ്മയും

പെങ്ങൾ.മീനാക്ഷി. തന്റെ അച്ഛനും അമ്മയും ചെറുപ്പത്തിൽ തന്നെ ഒരു ആക്സിഡന്റിൽ വിടപറഞ്ഞതാണ്. അതുകൊണ്ട്തന്നെ വളരെ

അധികം ലാളനയോടെയും കൊഞ്ചലോടേയും

ആണ് തന്റെ ആങ്ങളമാർ തന്നെ വളർത്തിയത്. Plus 2 വിൽ full മാർക്കോടെ

പാസ്സായ അവൾക്ക് ഒരു കിടുക്കാച്ചി കോളേജിൽ തന്നെ അഡ്മിഷൻ കിട്ടി.

ആങ്ങളമാർ ആദ്യം ഏതിർത്തെങ്കിലും തന്റെ

നിർബന്ധപ്രകാരം അവർ സമ്മതം മൂളി.

അങ്ങനെ ക്ലാസ്സ് ആരംഭിച്ചു. മീനാക്ഷി നല്ല

പഠിക്കുന്ന കുട്ടി ആയത്കൊണ്ടും അതിലുപരി

ഒരു വായാടി ആയത് കൊണ്ടും അവളെ കോളേജിലുള്ള അധികം ടീച്ചേഴ്സിനും വിദ്യാർത്ഥികൾക്കും അറിയാം. അങ്ങനെ കോളേജ് ജീവിതം അടിപൊളിയായി മുന്നോട്ട്

പോകുമ്പോഴാണ് താൻ പോലും അറിയാതെ തന്റെ ജീവിതത്തിലേക്ക് ഒരാൾ എത്തിയത്. പക്ഷെ അയാൾ കാരണം തന്റെ ജീവിതം തന്നെ ഇല്ലാതാവും എന്ന് അവൾ അറിഞ്ഞിരുന്നില്ല.

വരുൺ ആരെയും അടുപ്പിക്കുന്ന രൂപം കട്ടത്താടിയും മുണ്ടും ഷർട്ടും ഒക്കെ ധരിച്ച് ഒരു നാടൻ ചെക്കൻ. തന്റെ സീനിയർ ആണ്. മീനാക്ഷി കാണാൻ സുന്ദരി ആയത് കൊണ്ട് കുറെ പ്രൊപ്പോസൽ വന്നിട്ടുണ്ട് പക്ഷെ നമ്മുടെ മീനാക്ഷി അതില്ലൊന്നും വീണിരുന്നില്ല. ഇതിനിടയിലാണ് മീനാക്ഷിക്ക് വരുണിൽ നിന്നും ഒരു പ്രപ്പോസൽ വന്നത്. താൻ ആദ്യം റിജക്റ്റ് ചെയ്തെങ്കിലും ആ മുഖം തന്നെ എന്നും വേട്ടയാടുന്നുണ്ടായിരുന്നു. മീനാക്ഷിയുടെ നിർബന്ധപ്രകാരം അവർ രണ്ടുപേരും നല്ല ഫ്രണ്ട്സായി മാറി പക്ഷെ ഓരോ ദിവസം കൂടുന്തോറും അവളുടെ ഉള്ളിൽ വരുൺ സ്ഥാനം പിടിക്കുകയായിരുന്നു. അവൾ അവനോട് അത് തുറന്ന് പറഞ്ഞു. അങ്ങനെ കോളേജ് അറിയുന്ന രണ്ട് ഇണക്കുരുവികളായി മാറി.
മീനാക്ഷി ആയിരുന്ന അവൾ വരുണിന്റെ

മീനു കുട്ടിയായി മാറി. വരുണിനോടുള്ള സ്നേഹം കൂടുന്നതിനോടൊപ്പം അവളുടെ ആങ്ങളമ്മാരെ മറക്കാൻ തുടങ്ങി.തങ്ങളോടുള്ള

സമീപനത്തിൽ മാറ്റം വന്ന ആങ്ങളമാർ കാര്യം അന്വേഷിച്ചു. അവൾ ഒരുത്തനുമായി പ്രണയത്തിലാണെന്നും പയ്യന്റെ പേര് വരുൺ

ആണെന്നും അറിഞ്ഞു. ഇതറിഞ്ഞ ആങ്ങളമാർ

അവളോട് വിലക്കി. പക്ഷെ അവൾ അതൊന്നും കാര്യമാക്കിയില്ല. കോളേജിൽ മാത്രം ഒതുങ്ങിയിരുന്ന അവരുടെ പ്രണയം

പതിയെ ഫോണിലേക്കും പകരാൻ തുടങ്ങി.അങ്ങനെ രാവെന്നോ പകലെന്നോ ഇ-

ല്ലാതെ അവർ പ്രണയിച്ചു. പക്ഷെ ആ പ്രണയത്തിന് അധികം കൂടതൽ ആയുസ്സില്ലെന്ന് അവൾ മനസ്സിലാക്കിയിരുന്നില്ല.അന്ന് ഒരു ഹോളിഡെ ദിനമായിരുന്നു. സ്പെഷ്യൽ ക്ലാസുണ്ടെന്ന് കള്ളം പറഞ്ഞ് അവൾ കോളേജിലേക്ക് പോയി. വരുണിന്റെ നിർബന്ധപ്രകാരമാണ് അവൾ അങ്ങനെ
ചെയ്തത് കോളേജിൽ വരുണിനെ മാത്രം പ്രതീഷിച്ച അവൾക്ക് അവനോടൊപ്പം

നാല് പേരേയും കണ്ടു .അവന്റെ കൂടെ
ഫ്രണ്ട്സായിരുന്നു അത് അവൾ അത്
കാര്യമാക്കാതെ അവന്റെ അടുത്തേക്ക്

പോയി. അവർ രണ്ടുപേരും കോളേജിന്റെ

ഉള്ളിലേക്ക് കയറി. പക്ഷെ അന്നത്തെ അവന്റെ നോട്ടത്തിലും സംസാരത്തിലും

അവൾക്ക് പന്തികേട് തോന്നി. അവൾ
യാത്ര പറഞ്ഞ് ഇറങ്ങാൻ നേരം വരുൺ

അവളുടെ കൈയ്യിൽ കേറി പിടിച്ചു. പെട്ടെന്ന്
അവൻ സ്പ്രേ എടുത്ത് അവളുടെ മുഖത്തേക്ക്

അടിച്ചു. പെട്ടെന്ന് തന്നെ അവളുടെ ബോധം പോയി. ഒരു മയക്കത്തിനു ശേഷം അവൾ കണ്ണുതുറന്നു. തെന്നി ചിതറി കിടക്കുന്ന വസ്ത്രങ്ങൾ മാത്രമാണ് അവൾ കണ്ടത്. അപ്പോഴാണ് താൻ നഗ്നയാണെന്നുള്ള സത്യം

അവൾ അറിയാൻ കഴിഞ്ഞത്. അവൾ സ്വയാ തളരുന്നത്പ്പോലെ തോന്നി. ഒരു പെണ്ണിന് വേണ്ട എല്ലാ കാര്യങ്ങളും അവൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. തന്നെ ജീവന് തുല്യം സ്നേഹിച്ച തന്റെ സഹോദരങ്ങളെ മറന്ന് താൻ ജീവന് തുല്യം സ്നേഹിച്ചത് ഒരു വഞ്ചകനെ ആയിരുന്നു. തന്റെ ശരീരത്തെ മാത്രം സ്നേഹിച്ച വരുണിന്റെ മുഖം അവളെ വേട്ടയാടുകയായിരുന്നു. വലിയ ബിൽഡിങ്ങിൽ അവളുടെ അലർച്ച മുഴങ്ങി.

അവൾ അലമുറയിട്ട് കരയാൻ തുടങ്ങി. അവൾ കരയുമ്പോഴും അവളുടെ ഉള്ളിൽ രണ്ട് മുഖങ്ങളെ ഉണ്ടായിരുന്നുള്ളൂ. തന്നെ മീനാക്ഷിയെന്ന് തികച്ച്പോലും വിളിക്കാത്ത തന്റെ രണ്ട് സഹോദരങ്ങളുടെ മുഖം മാത്രം.

തന്റെ ശബ്ദം കേട്ട് ബിൽഡിങ്ങിൽ ആളുകൾ കൂടാൻ തുടങ്ങി. പിന്നെത്തെ കുറച്ച് ദിവസം പത്രക്കാർക്കും ചാനൽക്കാർക്കും ചാകരയായിരുന്നു. തന്നെ ജീവൻ തുല്യം സ്നേഹിച്ച തന്റെ ആങ്ങളമാരുൾപ്പെടെ എല്ലാവരും അവളെ തള്ളിപ്പറഞ്ഞു. കാണുന്ന വരെല്ലാം കല്ലെടുത്തെറിയാൻ തുടങ്ങി. അങ്ങനെ എല്ലാവർക്കും അവളൊരു അശുഭ ലക്ഷണമായി തീർന്നു.

വാച്ച്മാന്റെ നീണ്ട അലർച്ചയോടെയാണ് അവൾ തന്റെ സ്വപ്നത്തിൽ നിന്നും ഉണർന്നത്. അയാൾ അവളെ ആ ബെഞ്ചിൽ നിന്നും വലിച്ചിഴച്ച് പുറത്താക്കി. തന്റെ സ്വപ്നങ്ങളെയും ആങ്ങളമാരെയും തട്ടി എടുത്ത ആ കോളേജ് ഓർത്ത് കൊണ്ട് അവൾ എവിടേക്കെന്നില്ലാതെ നടന്നു. ഒരു കളിപ്പാട്ടത്തെപ്പോലെ.

ശുഭം

*ക്രിസ്തുമസ്*




***ആഘോഷത്തിന്റെ ഭാഗമി തയ്യാറാക്കിയ നൂറ് കിലോ കേക്ക്***

# നടത്തം



Risana Thasni.k
9.D

നടന്നുചെന്നാലെത്തുമോ
എല്ലായിടോം?
നടന്നുപോയാൽ ഭൂമി
അളന്നു തീർക്കാനാമോ?

പൂക്കളും പുഴക്കളും
നോക്കുമോ എന്നെതന്നെ?
മരങ്ങളും കിളികളും
മുഴുവനാക്കുമോ എന്നെ?

നടന്നു തീർന്നാലെന്റെ
പുലർച്ച കാണാനാമോ?
നടന്നു പോയാൽ പൂതി
തീരുമോ ജീവിച്ചതിൻ

# സൗഹൃദം



Shahadiyath .AP

IX-D

നമ്മൾ എവിടെയും ഒറ്റപ്പെട്ടുകയില്ല
അവർ തണലായ് കൂടെ ഉണ്ടെങ്കിൽ
നമ്മൾ ഒരിക്കലും ദുഃഖിക്കുകയില്ല
സന്തോഷം നൽകാൻ അവരുണ്ടെങ്കിൽ
നമുക്കൊരു പ്രശ്നവും ഉണ്ടാവില്ല
പരിഹരിക്കാൻ അവരുണ്ടെങ്കിൽ
നമ്മുടെ ജീവിതത്തിന്റെ വെളിച്ചമാണ് സൗഹൃദം
ആ വെളിച്ചം എന്നും പ്രകാശിക്കണം
ആ വെളിച്ചമണഞ്ഞാൽ പിന്നീട് ഇരുട്ടായ് മാറും
ലോകം സൗഹൃദത്തിന്റെ പ്രാധാന്യം മറക്കരുത്
നാം ഒരിക്കലും സുഹൃത്തിന്റെ പ്രാധാന്യം മറക്കരുത്
നാം കരയുമ്പോൾ ആശ്വസിപ്പിക്കാനും
നമ്മെ വീഴ്ച്കളിൽ നിന്നും കൈപ്പിടിച്ചുയർത്താനും
നമ്മുടെ ഉയർച്ചകളിൽ പ്രോത്സാഹിപ്പിക്കാനും
നമ്മെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാനും
അവർ മാത്രമായിരിക്കും ഉണ്ടായിരിക്കുക
അതാണ് നമ്മുടെ സൗഹൃദം
സൗഹൃദം നമ്മുടെ കയ്യും കണ്ണും പോലുള്ള
ബന്ധം   പോലെയാണ്
കൈക്ക് വേദനയാവുമ്പോൾ
നമ്മുടെ കണ്ണ് കരയുന്നു
കണ്ണ് കരയുമ്പോൾ കൈ
കണ്ണുനീർ തുടച്ച് കൊടുക്കുന്നു
അതാണ് നമ്മുടെ സൗഹൃദം

# പ്രഭാതം



MALAVIKA.CT
VIII B

സുപ്രഭാതം  പൂത്തപോലെ
സൂര്യനുദിക്കും  ദിക്കുകളിൽ
ഇലനാമ്പിന്റെ കാന്തിയിൽ
സൂര്യവെളിച്ചം തിളങ്ങിനിന്നാടി

ഒരു കുഞ്ഞ് പൂവ് വിരിഞ്ഞ് പോയാ
-ലവിടെങ്ങും ഗന്ധം പരന്നീടും
ശലഭങ്ങൾ പാറിപറക്കുമ്പോൾ
കണ്ണിമ ചിമ്മാതെ നോക്കുന്നു
അതു കണ്ടാൽ മനസ്സു തളിർക്കുന്നു

പ്രഭാത പുലരിയിലെ
കാവൽക്കാരെന്നപോലെ
മാനം നിറയും പറവകളെന്നാൽ
എത്ര സുന്ദരമാണീ പ്രപഞ്ചം
അതിൽ എത്ര ലളിതം
ഒരു കൊച്ചു പ്രഭാതം!...



## ഒരു ഗെയിം കഥ

Hiran das k.k
IX-I

ഒരു ആർപ്പുവിളി കേട്ടാണ് അമ്മ ഉറക്കമുണർന്നത്. സമയം രാവിലെ 2:30 എവിടെ നിന്നാണ് ഇസമയത്ത് ഒരു ശബ്ദം അതും ഇത്ര ഭയാനകമായത്അമ്മ മെല്ലെ എഴുന്നേറ്റു പോയി. മകന്റെ മുറിയിൽ നിന്നാണ് ശബ്ദം അമ്മ ചെവി വാതിലിനോട്ചേർത്ത് ശബ്ദം ശ്രദ്ധിച്ചു. അവനെ കൊല്ലെടാ...........!തോക്കില്ലെങ്കിൽ വടി എടുത്ത്അടിച്ച് കൊല്ല്....... അമ്മ ആകെ പേടിച്ചു തന്റെ മകൻ ആരെയൊ കൊല്ലുന്നകാര്യം വേഗം അച്ഛന്റെയടുത്തേക്ക് ഓടി കാര്യം പറഞ്ഞു. അച്ഛനും അത്ഭുതംപ്പെട്ടു.എന്ത് ചെയ്യണമെന്ന് ഒരു നിശ്ചയവും ഇല്ലാതെ രണ്ട് ആളുകളും നിൽക്കുന്നു വീണ്ടുംആക്രോശം".എനിക്ക് നല്ല തോക്ക് കിട്ടിയിട്ടുണ്ട് ഞാൻ ഉപയോഗിച്ചിട്ടില്ല ബാഗിലാണ്.അമ്മ ഒന്നു ഞെട്ടി. കഴിഞ്ഞ ദിവസം മകൻ കയറി വന്നപ്പോൾ അവന്റെ ബാഗ് കുറച്ച്തടിച്ച് നിന്നിരുന്നു അച്ഛൻ വേഗം അയൽക്കാരെ വിളിച്ച് കൂട്ടി എല്ലാവർക്കും എന്താണ്സംഭവിക്കുന്നതെന്ന് അറിയില്ല പെട്ടന്നാണ് ഒരുനിലവിളി കേട്ടത്."ഞാൻ ചത്തെടാ... എന്നെ അവർ കൊന്നു." പറഞ്ഞ് കഴിഞ്ഞ ഉടനെ തന്നെ മകൻ റൂം തുറന്ന് വെളിയിലേക്ക് വന്നു. അവൻ കണ്ടത്...." തന്റെ വീട് നിറഞ്ഞു നിൽക്കുന്ന അയൽക്കാരെയാണ്. അവരുടെ വന്യമായ നോട്ടത്തിൽ അവന് കാര്യം പിടികിട്ടി അവന് ഫോൺ കാണിച്ച് കൊടുത്തു കൊണ്ട് പറഞ്ഞു ഗെയിമാണമ്മെ....!വാ പൊളിച്ച് നിൽക്കുന്ന അമ്മയുടെ അടുത്തുകൂടി അവൻഅടുക്കളയിലേക്ക് പോയി, ഇത്തിരി വെള്ളം കുടിക്കാൻ...................!



# മഴവില്ല്

മുഹമ്മദ് ഫവാസ് .വി.പി
9.I

മഴവില്ല് മാനത്ത് പൂത്തുവിരിഞ്ഞപ്പോൾ
ജനനിയിൽ ഞാനൊരു ശലഭമായി
ശലഭമായ് പാറിപറന്ന് പൊങ്ങുമ്പോൾ
മേഘങ്ങളാലൊരു തേര് തീർത്തു
അതിലേറി ഞാനൊന്നു
മഴവില്ല് തൊട്ടപ്പോൾ
എൻമേനി ഏഴ് നിറങ്ങളാൽ വർണ്ണമായി

# ഇരിമ്പിളിയം എംഇഎസ് ഹൈസ്കൂളിലെ ഒഴിച്ചുകൂടാനാവാത്ത സന്നദ്ധ സേവകരായ സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്.

ഏതൊരു പ്രവർത്തനങ്ങളും സ്കൂളിൽ നടക്കുമ്പോൾ അതിൻറെ ആദ്യം മുതൽ അവസാനം വരെ എല്ലാ അർത്ഥത്തിലും സേവനം ചെയ്യുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്യുന്ന സ്കൗട്ട് ഗൈഡ് കൾ എന്നും മാതൃകയാണ്.

2018 ജൂൺ പ്രവേശനോത്സവത്തിന് ഭാഗമായി സ്കൂൾ തുറക്കുന്നതിനു തലേദിവസം സ്കൂൾ പേപ്പർ ഗ്ലാസ് കളർ ചെയ്തത് ഉപയോഗിച്ചും

ബലൂൺ മറ്റ് തോരണങ്ങൾ ഉപയോഗിച്ചും സ്കൂൾ അലങ്കരിച്ചു. സ്കൂളിലെ എല്ലാ വിദ്യാർഥികൾക്കും വളാഞ്ചേരി ഹയാത്ത് ഗോൾഡുമായി സഹകരിച്ച് ഫ്ലവർ വിതരണം ചെയ്തു.

ജൂണിലും ജൂലായിൽ ഉമായി റിക്രൂട്ട്മെൻറ് ക്യാമ്പുകൾ, പ്രവേശ ക്യാമ്പ്, കുറ്റിപ്പുറം എൽ എ പട്രോൾ ലീഡേഴ്സ് മീറ്റ്, പിടിഎ മീറ്റിംഗ് nee വേണ്ട ഒരുക്കങ്ങൾ ചെയ്തു തുടങ്ങിയവ സംഘടിപ്പിച്ചു.

ആഗസ്റ്റ് മാസത്തിൽ ലീഡേഴ്സ് ക്യാമ്പ് ഓഗസ്റ്റ് 15 നു വേണ്ട തയ്യാറെടുപ്പുകൾ ഹോളിഡേ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിച്ചു. ഓഗസ്റ്റ് 15-ന് മാർച്ച് പാസ്റ്റ് പിരമിഡ് ഗ്രില്ല് ഡിസ്പ്ലേ തുടങ്ങിയവ നടത്തി.

പ്രളയം ബാധിച്ച വീടുകളിൽ ഒരാഴ്ചക്കാലം നീണ്ടുനിന്ന ക്ലീനിങ് പ്രോഗ്രാം നടത്തി.

സ്കൂളുകൾ മദ്രസകൾ കോളേജുകൾ വീടുകൾ പമ്പ് ഹൗസ് തുടങ്ങിയ പൊതുസ്ഥാപനങ്ങൾ ഇതിലൂടെ വൃത്തിയാക്കി നൽകി. തുടർന്ന് മൂന്ന് ദിവസത്തോളം ക്ലോറിനേഷൻ പ്രോഗ്രാമുകളും നടത്തി.

സെപ്റ്റംബർ മാസത്തിൽ പ്രളയാനന്തര പ്രവർത്തനങ്ങളിൽ സജീവമായ സ്കൗട്ട് വീടുകൾക്കും മറ്റും സ്വീകരണം നൽകിയ പരിപാടിയിൽ പങ്കെടുത്തു.

സ്കൂൾ കലോത്സവം സ്കൂൾ സ്പോർട്സ് തുടങ്ങിയ പരിപാടികളിലെ നാലുദിവസവും മുഴുവൻ ഡ്യൂട്ടിയും ഏറ്റെടുത്ത് വിജയിപ്പിക്കാൻ സ്കൗട്ട് ഗൈഡുകൾക്ക് സാധിച്ചിട്ടുണ്ട്. ദ്വിതീയ സോപാൻ ക്യാമ്പ് രാജ്യപുരസ്കാർ ക്യാമ്പ് എന്നിവ ശനി ഞായർ ദിവസങ്ങളിലായി സംഘടിപ്പിച്ചു.

ഒക്ടോബർ 2-ന് ഗാന്ധിജയന്തി ദിനാചരണം ഭാഗമായി വളാഞ്ചേരി പോലീസുമായി സഹകരിച്ച് വട്ടപ്പാറ വളവ് കാടുവെട്ടി യാത്ര തടസ്സം നീക്കി. കുട്ടികൾക്ക് ഉച്ചഭക്ഷണം പ്രത്യേകം തയ്യാറാക്കി നൽകി. സ്കൂളില് നടന്ന ശാസ്ത്രമേളയിലും ഫെറ്റിഷ് ഓയിലും സ്കൗട്ട് കെട്ടുകള് ഏറ്റെടുത്ത് സഹായം ചെയ്തു. ഒക്ടോബർ മാസത്തിൽ നടന്ന നാഷണൽ ലെവൽ ജോർജുകുട്ടി പരിപാടിയിൽ സ്കൂളിലെ സ്കൗട്ട് കെട്ടുകള് പങ്കെടുത്തു.

നവംബർ മാസത്തിൽ ദ്വിതീയ സോപാൻ സെക്കൻഡ് ക്യാമ്പ് നടത്തുകയും ഡി എസ് പ്രീ ടെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തു. രാജ്യപുരസ്കാർ സ്കൂൾ ലെവൽ വെരിഫിക്കേഷനും നടന്നു. പിടിഎ യോഗത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും ചായയും പലഹാരങ്ങളും നൽകുന്നതിനും സ്കൗട്ട് ഗൈഡ് നേതൃത്വം നൽകി.

ഡിസംബറിൽ സ്കൂളിലെ ക്രിസ്മസ് പരിപാടികൾക്ക് വേണ്ട ഒരുക്കങ്ങൾ സ്കൗട്ട് വീടുകളുടെ മേൽനോട്ടത്തിൽ നടന്നു. കുറ്റിപ്പുറം എൽ എ സംഘടിപ്പിച്ച സ്കൗട്ട് ഗൈഡ് ഉത്സവത്തിൽ ഇരുമ്പിളിയം പഞ്ചായത്തിനെ പ്രതിനിധീകരിച്ച് നമ്മുടെ സ്കൂളിലെ സ്കൗട്ട് ഗൈഡുകൾ ആണ് പങ്കെടുത്തത്. ഉത്സവത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ജനവരി മാസത്തിൽ സ്കൗട്ട് ഗൈഡ് ഉത്സവ സർട്ടിഫിക്കറ്റുകൾ ബോട്ട് ജെട്ടി സർട്ടിഫിക്കറ്റുകൾ തൃതീയ സോപാൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ പ്രോഗ്രാം സംഘടിപ്പിച്ചു നൽകി. സ്കൗട്ട് ഗൈഡ്

വിദ്യാർത്ഥികൾക്ക് ടി.എസ് രാജ്യപുരസ്കാർ കട്ടികൾക്ക് നോട്ടിംഗ് ബാൻഡേജ്, അനുമാനം തുടങ്ങിയ ക്രാഫ്റ്റ് കളി ഹോളിഡേ യിൽ ക്ലാസ് വെച്ച് പ്രായോഗിക പരിശീലനം നൽകി

# ആ പിൻ കോഡ്



ദേവി.കെ.എസ്
(എച്ച് എസ് എ മലയാളം)

ഓർമ്മയുടെ പിൻ കോഡ്
നിരന്തരം
തെറ്റിയെഴുതപ്പെടുന്ന പഴമയുടെ
ചെമ്പകമണങ്ങൾ,
കമ്യൂണിസ്റ്റ് പച്ചകളുടെ മുറിഞ്ഞ
മേൽ വിലാസത്തിൽ
ഇലനീരിന്റെ
നീറ്റ മൊലിച്ചിറങ്ങുന്ന
ഇടവഴികളുടെ നടന്നു പോവുന്ന
ഓക്സിജൻ മാസ്ക് വച്ച സ്വപ്നങ്ങൾ,
തീവണ്ടിയിൽ വന്നിറങ്ങുന്ന
നീയെന്ന പോലത്തെ
പഴയ ഗ്രാമം,
ഒരു പോസ്റ്റ് ബോക്സ് മാത്രം
ചുവപ്പു മായാതെ
ചുണ്ടു പിളർത്തുന്നു,
നീ , പകുതി എഴുതിയ
ഒടുവിലത്തെ കത്തു പോലെ,
ഒരിക്കലുമെത്താത്ത ഒരു ദേശത്തിന്റെ
തെറ്റിപ്പോയ
പിൻകോഡായി ഇന്നും
തുടരുകയാണ്....

# ഉപഗ്രഹ വിക്ഷേപണം : സെഞ്ച്വറിയുമായി ഇന്ത്യ

ഇന്ത്യയുടെ നൂറാം ഉപഗ്രഹം ഐ സ് ആർ ഓ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു. കാർട്ടോസാറ്റ് രണ്ട് സീരീസിലെ പ്രധാന ഉപഗ്രഹത്തിനൊപ്പം മുപ്പത് സഹ ഉപഗ്രഹങ്ങളും പി എസ് എൽ വി സി നാൽപത് ഉപയോഗിച്ചാണ് ലക്ഷ്യസ്ഥാനത്ത് എത്തിച്ചത്.ജനുവരിയിലാണ് ഈ നേട്ടം കൈവരിച്ചത്.റിമോട്ട് സെൻസിങ്ങിനുള്ള അത്യാധുനിക ഉപഗ്രഹമാണ് കാർട്ടോസാറ്റ് രണ്ട് സീരീസിലെ പുതിയ അംഗം.ഇന്ത്യൻ മേഖലയുടെ വളരെ കൃത്യതയുള്ള ചിത്രങ്ങൾ എടുക്കാൻ കഴിയുന്ന പ്രത്യേക ക്യാമറകളാണ് ഇതിലുള്ളത്. 710 കിലോഗ്രാം ഭാരമുള്ള ഉപഗഹത്തെ ഭൂമിയിൽനിന്ന് 505 കിലോമീറ്റർ ഉയരമുള്ള ഭ്രമണപഥത്തിലാണ് എത്തിച്ചിരിക്കുന്നത്.മറ്റ് ഉപഗ്രഹങ്ങളിൽ 2 എണ്ണം ഇന്ത്യയുടേയും 28 എണ്ണം വിദേശരാജ്യങ്ങളുടേതുമാണ് .റോഡ് മാപ്പിങ്,തീരദേശനിരീക്ഷണം ,ലാൻഡ് മാപ്പിങ് തുടങ്ങിയവയിൽ ഉപഗ്രഹവിക്ഷേപണത്തിലൂടെ ഇന്ത്യ ലക്ഷ്യമിടുന്നത്.



# نتعلّم العلم الشّرعيّ

يجب علينا أن نتعلّم علما يصحّح العبادة والطّاعة من وضوء وصلاة وصوم وزكاة وحجّ ومعاملة على وفق الشّريعة. إذ العمل من غير علم باطل. ويجب أيضا أن نتعلّم علما يصحّح الإعتقاد بأن يكون على وفق أهل السّنّة والجماعة للإحتراز عن الإعتقاد الفاسد كإعتقاد أهل البدع والضّلال. وأن نتعلّم علما يزكّي القلب من الأخلاق الذّميمة كالكبر والحسد وغيرهما من أمراض القلوب وهذه ثلاثة هي العلوم الشّرعيّة.

مُحمّد سُهَيل


# قريتي جميلة


قريتي جميلة
لاكن قريتي يومًا
تشاهد بلد جميل
جبل ونهر وحقل
يطير الفراشة
قريتي جميلة وجذابة
اليوم قريتي
أحب قريتي كثيرة


قريتي جذابة
ذكريات وذكريات
صورة، قريتي جميلة
وبركة وآبار
والحمامة كثير
قريتي مودة
ذكريات ...
أحب قريتي جميلة



أسمنة . بي


Ariel


Frozen



GOOD NIGHT



I LOVE MY MOM

# വിദ്യാലയം വൈവിദ്യം









MESHSS Irimbiliyam 2018-19 Year
School PTA Meeting










LAB


LAB












# സ്കൂൾ പാർലമെൻറ് പ്രതിനിധികൾ



അർച്ചന മുരളി , നിയാ ഷാനവാസ്,   ഷറാഫത്ത് , മുഹമ്മദ് ഷാഫി, മുഹമ്മദ് ആഷിഖ്

# തുടരുന്ന വിജയകുതിപ്പ്

2003 - 2004 അധ്യയനവർഷത്തിൽ കുറ്റിപ്പുറം ഉപജില്ലയിൽ തുടക്കം കുറിച്ച ഇരുമ്പിളിയം എംഇഎസ് ഹയർ സെക്കൻഡറി സ്കൂൾ ചുരുങ്ങിയ കാലംകൊണ്ടുതന്നെ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കൊണ്ട് കേരള സംസ്ഥാന പൊതു വിദ്യാഭ്യാസ ചരിത്രത്തിൽ ഇടംപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏതാനും വിദ്യാർഥികൾ മാത്രമാണ് ആരംഭ വർഷത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ഒരുപറ്റം യുവാ അധ്യാപക അധ്യാപികമാരുടെയും അനധ്യാപകരുടെയും മാനേജ്മെൻറ് പിടിഎയുടെയും ആത്മാർത്ഥമായ ഒരുമിച്ചുള്ള സേവനം കൊണ്ട് ഇന്ന് മൂവായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു വിദ്യാലയം ആയി മാറിയിരിക്കുന്നു. വ്യത്യസ്തമായ പഠനപ്രവർത്തനങ്ങൾ ഇതിന് ആക്കം കൂട്ടുകയും ചെയ്തു പഠനനിലവാരത്തിൽ വളരെ പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി എംഎൽപി പഠനപദ്ധതി സ്കൂളിൻറെ ആരംഭം തൊട്ടുതന്നെ തുടക്കംകുറിച്ചു. കൂടാതെ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്, മോട്ടിവേഷൻ ക്ലാസുകൾ, പെൺകുട്ടികൾക്ക് തൈകോണ്ടോ പരിശീലനം, തയ്യൽ മെഷീൻ ഉപയോഗിച്ചുള്ള തുന്നൽ പരിശീലനം, ബുക്ക് ബൈൻഡിംഗ്, ജൈവ വൈവിധ്യ പാർക്ക്, ഫുഡ് ഫെസ്റ്റിവൽ, പെറ്റ് ഷോ,സ്നേക്ക് ഷോ, സഹവാസക്യാമ്പ്, പുസ്തകമേള, ഐ.എ.സ് കോച്ചിംഗ്, സ്പോക്കൺ ഇംഗ്ലീഷ്, സംഗീതോപകരണ പരിശീലനം, സർഗവേദി, സൈക്കിൾ പരിശീലനം തുടങ്ങി പുതുമയാർന്നതും വ്യത്യസ്തമായ ഒട്ടനവധി പരിശീലനങ്ങളാണ് സ്കൂളിലെ വിജയത്തിന് പിന്നിൽ പിന്നിലുള്ളത് തിരൂർ വിദ്യാഭ്യാസ ജില്ലയിൽ എസ്എസ്എൽസി പരീക്ഷയിൽ റിസൾട്ട് കാര്യത്തിൽ വളരെ മുന്നിലാണ്.

| വർഷം | പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 2006 | 148 | 146 | 89.6% |
| 2007 | 300 | 295 | 98.3% |
| 2008 | 414 | 412 | 99.5% |
| 2009 | 429 | 429 | 100% |
| 2010 | 464 | 464 | 100% |
| 2011 | 501 | 500 | 99.8% |
| 2012 | 662 | 659 | 99.5% |
| 2013 | 801 | 792 | 99% |
| 2014 | 744 | 738 | 99.19% |
| 2015 | 844 | 838 | 99.29% |
| 2016 | 871 | 851 | 97.70% |
| 2017 | 730 | 718 | 98.36% |
| 2018 | 771 | 764 | 99.09% |

# കയ്യൊപ്പ്

ഇഹ്സാൻ ഹസ്സൻ
സ്റ്റുഡന്റ് എഡിറ്റർ & ടീം

അറിവിന്റെ മേച്ചിൽപ്പുറങ്ങൾ തേടി ഞങ്ങൾ ഇറങ്ങി. വിവിധങ്ങളായ സാങ്കേതിക വിദ്യകളിലൂടെ ആപ്പ് എന്നുവിളിക്കുന്ന അപ്ലിക്കേഷനുകളിലൂടെ.

നമ്മുടെ ജീവിതം ടെക്നോളജിയുടെ മായാലോകത്താണ്. എന്തിനുമേതിനും ജീവിതത്തിലെ എല്ലാ സൂക്ഷ്മ തലങ്ങളിലും ടെക്നോളജി കടന്നുവന്നിരിക്കുന്നു.

ഇവിടെ ഞങ്ങളുടെ ചെറിയ കഴിവുകളും അറിവുകളും നിരത്തിക്കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിട്ടുണ്ട് .ഇവിടെ വിരാമം കുറിക്കുന്നില്ല, വീണ്ടും ഞങ്ങളെ പ്രതീക്ഷിക്കുക

കൃതജ്ഞതയോടെ...........................